DESPATCHED 24/11/2020

13-1-20


# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001

**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**

Email: sic@kerala.nic.in


**ഹർജി നമ്പർ CP.No.684(6)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No. 8703/SIC-Gen5/2015**

സന്നിഹിതൻ

ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. കെ.എം. ഹാരീസ്,
പ്രസിഡന്റ്,
ഹാന്റികാപ്പ്ഡ് വെൽഫെയർ അസോസിയേഷൻ,
ജില്ലാ കമ്മിറ്റി, വള്ളിയോട്,
അഞ്ചുമൂർത്തി പി.ഒ., പാലക്കാട് - 678 682.
} പരാതി ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
വണ്ടാഴി ഗ്രാമപഞ്ചായത്ത് കാര്യാലയം,
മുടപ്പല്ലൂർ പി.ഒ., പാലക്കാട് - 678 705.
2) അപ്പീൽ അധികാരി &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
പാലക്കാട്.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04/03/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06/03/2015 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 06/04/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തിർപ്പാക്കിയ തീയതി | 25/05/2015 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 07/05/2015 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 23/05/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03/07/2015, 30/12/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 07/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 10/01/2020 – വീഡിയോ കോൺഫറൻസ് ഹാൾ, പാലക്കാട്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | പ്രതിനിധി ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. കെ.എം. ഹാരീസ്, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷിയിൽ നിന്നും യാതൊരു മറുപടിയും ലഭിക്കാത്തതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും എന്നാൽ ആയതുപ്രകാരവും ടിയാൻ ആവശ്യപ്പെട്ട പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. 67 ഓളം വരുന്നവർ സ്കോളർഷിപ്പിന് 2012-13, 2013-14 വർഷത്തിൽ അർഹതയില്ലാത്തവരാണോ എന്നും ആണെങ്കിൽ വിശദവിവരം നൽകണമെന്നും അല്ലെങ്കിൽ വിശദവിവരം നൽകണമെന്നും

ii. 67 ഓളം വരുന്ന ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ വണ്ടാഴി ഗ്രാമപഞ്ചായത്തിൽ ഉണ്ടെന്ന് അറിഞ്ഞിട്ടും ഫണ്ട് വകയിരുത്താത്തത് എന്തുകൊണ്ടെന്നും മന:പൂർവ്വമാണോ എന്നും അതോ ഫണ്ടില്ലാത്തത് കൊണ്ടാണോ എന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി ടിയാന്റെ അപേക്ഷയിന്മേൽ യാതൊരു മറുപടിയും വിവരങ്ങളും നൽകിയിട്ടില്ല എന്നാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് രേഖകൾ മേൽപ്പടി ഓഫീസിൽ ലഭ്യമല്ലാതിരുന്നതിനാൽ വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരം മേൽപ്പടി വിവരങ്ങൾ നൽകുന്നതിലേയ്ക്കായി ഹർജിക്കാരന്റെ അപേക്ഷ ബന്ധപ്പെട്ട ഇംപ്ലിമെന്റിംഗ് ഓഫീസറായ ജി.എൽ.പി.എസ്. കടപ്പാറ ഹെഡ്മിസ്ട്രസ്സിന് 6.3.2015 തീയതി അയച്ചു കൊടുത്തിരുന്നു എന്നും അക്കാര്യം ഹർജിക്കാരനെ അറിയിച്ചിരുന്നു എന്നും ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ജി.എൽ.പി.എസ്. കടപ്പാറ ഹെഡ്മിസ്ട്രസ്സ് 23.3.2015 തീയതി മറുപടി നൽകിയിരുന്നു എന്നു കാണിച്ച് വണ്ടാഴി ഗ്രാമപഞ്ചായത്തിൽ അറിയിപ്പ് നൽകിയിരുന്നു എന്നും ഹർജിക്കാരന്റെ അപ്പീൽ അപേക്ഷയെ തുടർന്ന് കടപ്പാറ ജി.എൽ.പി.എസ്. ഹെഡ്മിസ്ട്രസ്സ് നൽകിയ മറുപടിയുടെ പകർപ്പ് ഹർജിക്കാരന് 15 ദിവസത്തിനകം നൽകാൻ നിർദ്ദേശം നൽകിയിരുന്നു എന്നും ആയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പടി മറുപടിയുടെ പകർപ്പ് ഹർജിക്കാരന് അയച്ചു നൽകിയിരുന്നു എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എതിർകക്ഷികൾ മറുപടികൾ നൽകിയിരുന്നതായും ആയത് നിയമാനുസൃതമായിരുന്നു എന്നും കമ്മീഷൻ വിലയിരുത്തുന്നു.

5. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 13-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൺ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

RIGHT TO INFORMATION